ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 20.02.2025** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1) OTT ഉള്ളടക്കങ്ങളുമായി ബന്ധപ്പെട്ട് കർശന നിർദ്ദേശവുമായി കേന്ദ്ര വാർത്താ വിതരണ, പ്രക്ഷേപണ മന്ത്രാലയം. രാജ്യത്തെ നിയമങ്ങളും ധാർമ്മിക ചട്ടങ്ങളും പാലിക്കണമെന്ന് കേന്ദ്ര സർക്കാർ.

   **The Ministry of Information and Broadcasting Issues Strict Guidelines for OTT Content , Emphasizes Adherence to Laws and Ethical Standards.**

2) ഇൻവസ്റ്റ് കേരള ആഗോള നിക്ഷേപക ഉച്ചകോടി മുഖ്യമന്ത്രി പിണറായി വിജയൻ നാളെ കൊച്ചിയിൽ ഉദ്ഘാടനം ചെയ്യും.

   **Invest Kerala Global Investor Summit to be Inaugurated by Chief Minister Pinarayi Vijayan Tomorrow in Kochi.**

3) ജന ക്ഷേമത്തിനും വികസനത്തിനും വേണ്ടി പ്രവർത്തിക്കുമെന്ന് ഡൽഹി മുഖ്യമന്ത്രി രേഖ ഗുപ്ത; പുതിയ ഡൽഹി സർക്കാരിനെ അഭിനന്ദിച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദി.

   **Delhi Chief Minister Rekha Gupta promises to work for the welfare and development of the people; Prime Minister Narendra Modi congratulates the new Delhi government.**

4) യുവാക്കൾക്ക് ഒരു ലക്ഷത്തിലധികം ഇന്റേൺഷിപ്പ് അവസരങ്ങൾ ലക്ഷ്യമിട്ട് പ്രധാനമന്ത്രി ഇന്റേൺഷിപ്പ് പദ്ധതിയുടെ രണ്ടാം ഘട്ടത്തിന് തുടക്കമായി.

**Second Phase of Prime Minister Internship Scheme Launches In The Country Aiming for Over 1 Lakh Opportunities for Youth.**

5) ഐ സി സി ചാമ്പ്യൻസ് ട്രോഫി ക്രിക്കറ്റിൽ ബംഗ്ലാദേശിനെതിരെ ഇന്ത്യയ്ക്ക് 229 റൺസ് വിജയലക്ഷ്യം.

**India Set a Target of 229 Runs to Win Against Bangladesh in ICC Champions Trophy Cricket.**

*****************************************

## OTT ADVISORY

രാജ്യത്തെ നിയമങ്ങളും 2021 ലെ ഐ.ടി നിയമത്തിൽ നിർദ്ദേശിച്ചിരിക്കുന്ന ധാർമ്മിക ചട്ടങ്ങളും കർശനമായി പാലിക്കണമെന്ന് OTT പ്ലാറ്റ്ഫോമുകൾക്ക് നിർദേശം നൽകി കേന്ദ്രസർക്കാർ. OTT യിലും സമൂഹ മാധ്യമങ്ങളിലും അശ്ലീല ഉള്ളടക്കം പ്രചരിപ്പിക്കപ്പെടുന്നതായ പൊതുജന പരാതികളെ തുടർന്നാണ് നടപടി. ധാർമ്മികത കണക്കിലെടുക്കണമെന്നും ഉള്ളടക്കങ്ങൾ പ്രായാധിഷ്ഠിതമായി വർഗീകരിക്കണമെന്നും കേന്ദ്ര വാർത്താ വിതരണ, പ്രക്ഷേപണ മന്ത്രാലയം നിർദേശിച്ചു. നിയമങ്ങൾ പാലിക്കുന്നുണ്ടെന്ന് ഒടിടി പ്ലാറ്റ്ഫോമുകളും അവയുടെ സെൽഫ് റെഗുലേറ്ററി ബോഡികളും ഉറപ്പ് വരുത്തണമെന്നും മാർഗനിർദേശത്തിൽ പറയുന്നു.

*****************************************

## CEC-PREZ MEET

മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണർ ഗ്യാനേഷ് കുമാർ ഇന്ന് രാഷ്ട്രപതി ഭവനിൽ രാഷ്ട്രപതി ദ്രൗപദി മുർമുവിനെ സന്ദർശിച്ചു. 18 വയസ്സ് പൂർത്തിയായ ഓരോ പൗരനും വോട്ട് ചെയ്യണമെന്നും രാഷ്ട്രനിർമ്മാണത്തിനുള്ള ആദ്യപടിയാണ് വോട്ടെന്നും അദ്ദേഹം

പറഞ്ഞു. കഴിഞ്ഞ വർഷം മാർച്ച് മുതൽ തിരഞ്ഞെടുപ്പ് കമ്മീഷണറായി സേവനമനുഷ്ഠിച്ചു വരികയായിരുന്ന ഗ്യാനേഷ് കുമാർ ഇന്നലെയാണ് മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണറായി ചുമതലയേറ്റത്.

****************************************

## DELHI CM OATH ( INTRO )

ഡൽഹി മുഖ്യമന്ത്രിയായി ബിജെപി നേതാവ് രേഖ ഗുപ്ത സത്യപ്രതിജ്ഞ ചെയ്തു. രാംലീല മൈതാനിയിൽ നടന്ന ചടങ്ങിൽ, ഡൽഹി ലെഫ്റ്റനൻറ് ഗവർണർ വി കെ സക്സേന സത്യവാചകം ചൊല്ലിക്കൊടുത്തു. ആറു മന്ത്രിമാരും മുഖ്യമന്ത്രിക്കൊപ്പം സത്യപ്രതിജ്ഞ ചെയ്തു. പർവേഷ് സിങ്, ആഷിഷ് സൂദ്, മജിന്ദർ സിങ് സിർസ, രവീന്ദർ ഇന്ദ്രരാജ് സിങ്, കപിൽ മിശ്ര, പങ്കജ് കുമാർ എന്നിവരാണ് മന്ത്രിമാരായി ചുമതലയേറ്റത്. ഡൽഹിയിലെ ജനങ്ങളുടെ ക്ഷേമത്തിനും വികസനത്തിനും വേണ്ടി പ്രവർത്തിക്കുമെന്ന് ശ്രീമതി രേഖ ഗുപ്ത പറഞ്ഞു.

( വോയിസ്... )

ഡൽഹിയിലെ നാലാമത്തെ വനിതാ മുഖ്യമന്ത്രിയും ബിജെപിയുടെ രണ്ടാമത്തെ വനിതാ മുഖ്യമന്ത്രിയുമാണ് ശ്രീമതി രേഖ ഗുപ്ത.

****************************************

## PM-DELHI CM

പുതിയ ഡൽഹി സർക്കാരിനെ അഭിനന്ദിച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദി. മുഖ്യമന്ത്രിയായി ചുമതലയേറ്റ രേഖ ഗുപ്ത കാമ്പസ് രാഷ്ട്രീയത്തിൽ നിന്നാരംഭിച്ച് മുനിസിപ്പൽ ഭരണത്തിലും സജീവമായിരുന്ന മികച്ച പ്രവർത്തകയാണെന്ന് അദ്ദേഹം സമൂഹ മാധ്യമത്തിൽ കുറിച്ചു. ഡൽഹിയുടെ വികസനത്തിനായി പൂർണ്ണ ശക്തിയോടെ മികച്ച ഭരണം കാഴ്ച വയ്ക്കാൻ ശ്രീമതി രേഖ

ഗുപ്തയുടെ നേതൃത്വത്തിലുള്ള സർക്കാരിന് കഴിയുമെന്ന് പ്രധാനമന്ത്രി ആത്മവിശ്വാസം പ്രകടിപ്പിച്ചു.

****************************************

## PM NDA CM MEEITNG

പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ നേതൃത്വത്തിൽ ഇന്ന് ഡൽഹിയിൽ എൻഡിഎ മുഖ്യമന്ത്രിമാരുടെയും ഉപമുഖ്യമന്ത്രിമാരുടെയും യോഗം ചേർന്നു. മഹാരാഷ്ട്ര മുഖ്യമന്ത്രി ദേവേന്ദ്ര ഫഡ്നാവിസ്, ഉപമുഖ്യമന്ത്രിമാരായ ഏകനാഥ് ഷിൻഡെ, അജിത് പവാർ, ആന്ധ്രാപ്രദേശ് മുഖ്യമന്ത്രി ചന്ദ്രബാബു നായിഡു, ഉപമുഖ്യമന്ത്രി പവൻ കല്യാൺ, ഒഡീഷ മുഖ്യമന്ത്രി മോഹൻ ചരൺ മാജി, മധ്യപ്രദേശ് മുഖ്യമന്ത്രി മോഹൻ യാദവ്, രാജസ്ഥാൻ മുഖ്യമന്ത്രി ഭജൻ ലാൽ ശർമ, ഡൽഹി മുഖ്യമന്ത്രി രേഖാ ഗുപ്ത, ഉത്തർപ്രദേശ് ഉപമുഖ്യമന്ത്രി വിജയ് കേശവ് പ്രസാദ് എന്നിവർ യോഗത്തിൽ പങ്കെടുത്തു. കേന്ദ്രമന്ത്രിമാരായ അമിത് ഷാ, രാജ്നാഥ് സിങ്, ജെപി നഡ്ഡ എന്നിവരും സന്നിഹിതരായിരുന്നു.

****************************************

## BSF-BGB CONFERENCE

ഇന്ത്യയുടെ അതിർത്തി സുരക്ഷാ സേനയും അതിർത്തി ഗാർഡ് ബംഗ്ലാദേശും തമ്മിലുള്ള 55-ാമത് ഡയറക്ടർ ജനറൽ തല അതിർത്തി ഏകോപന സമ്മേളനം ഇന്ന് ന്യൂഡൽഹിയിൽ സമാപിച്ചു. നുഴഞ്ഞുകയറ്റം, അതിർത്തി കടന്നുള്ള കുറ്റകൃത്യങ്ങൾ, കള്ളക്കടത്ത് തുടങ്ങിയ തടയൽ, സംയുക്ത പട്രോളിംഗ്, പൊതുജന അവബോധം ഊർജ്ജിതമാക്കുക എന്നിവയ്ക്ക് ഇരു രാജ്യങ്ങളും ധാരണയിലെത്തി. BSF ഡയറക്ടർ ജനറൽ ദൽജിത് സിംഗ് ചൗധരി, BGB ഡയറക്ടർ ജനറൽ മേജർ ജനറൽ മുഹമ്മദ് അഷ്റഫുസ്സമാൻ സിദ്ദിഖി എന്നിവർ ചർച്ചയ്ക്ക് നേതൃത്വം നൽകി.

****************************************

## JITENDRA SINGH

രാജ്യത്തെ ജനങ്ങളുടെ ആരോഗ്യ പരിരക്ഷയ്ക്ക് കേന്ദ്ര സർക്കാർ വലിയ പ്രാധാന്യമാണ് നൽകുന്നതെന്ന് കേന്ദ്രസഹമന്ത്രി ജിതേന്ദ്ര സിംഗ്. തിരുവനന്തപുരത്തെ ശ്രീചിത്ര തിരുന്നാൾ ഇൻസ്റ്റിറ്റ്യൂട്ടിൻറെ പുതിയ മന്ദിരം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. എല്ലാവർക്കും താങ്ങാവുന്ന ചികിത്സ, തദ്ദേശീയമായി വികസിപ്പിച്ച ചികിത്സ രീതികൾ തുടങ്ങിയവ പ്രോത്സാഹിപ്പിക്കുകയാണ് കേന്ദ്ര സർക്കാരിൻറെ കാഴ്ചപ്പാടെന്നും കേന്ദ്ര മന്ത്രി പറഞ്ഞു. കേന്ദ്ര ആരോഗ്യ മന്ത്രി ശ്രീ ജെ പി നഡ്ഡ ചടങ്ങിൽ വീഡിയോ സന്ദേശം നൽകി. സംസ്ഥാന സർക്കാരിന്റെ ഹൃദയം പദ്ധതി ശ്രീചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ടിൽ പുനരാരംഭിക്കുമെന്ന് ചടങ്ങിൽ സംസാരിച്ച ആരോഗ്യമന്ത്രി വീണാ ജോർജ് അറിയിച്ചു.

*****************************************

## INVEST KERALA

ഇൻവസ്റ്റ് കേരള ആഗോള നിക്ഷേപക ഉച്ചകോടിയ്ക്ക് നാളെ കൊച്ചിയിൽ തുടക്കമാകും. രണ്ടുദിവസത്തെ ഉച്ചകോടി മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. കേന്ദ്രമന്ത്രി നിതിൻ ഗഡ്കരി ഓൺലൈനായി അഭിസംബോധന ചെയ്യും. കേന്ദ്രമന്ത്രിമാരായ പിയൂഷ് ഗോയൽ, ജയന്ത് ചൗധരി, പ്രതിപക്ഷനേതാവ് വി ഡി സതീശൻ, നോർക്ക റൂട്ട്സ് ചെയർമാൻ എം എ യൂസഫലി, വിദേശ പ്രതിനിധികൾ ഉൾപ്പെടെ 3000-ത്തോളം പേർ ഉച്ചകോടിയിൽ പങ്കെടുക്കും.

*****************************************

## WELFARE PENSION

കേരളത്തിൽ സാമൂഹ്യസുരക്ഷ, ക്ഷേമനിധി പെൻഷൻ ഗുണഭോക്താക്കൾക്ക് ഒരു ഗഡു കൂടി അനുവദിച്ചു. അടുത്ത

ആഴ്ചയിൽ 62 ലക്ഷത്തോളം പേർക്ക് 1,600 രൂപവീതം ലഭിക്കുമെന്ന് ധനമന്ത്രി കെ എൻ ബാലഗോപാൽ അറിയിച്ചു. ഇതിനായി 812 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

****************************************

## CHIEF ECONOMIC ADVISER

മുഖ്യ സാമ്പത്തിക ഉപദേഷ്ടാവ് വി.അനന്ത നാഗേശ്വരൻ്റെ സേവന കാലാവധി രണ്ട് വർഷത്തേക്ക് നീട്ടി. കാലാവധി 2027 മാർച്ച് വരെ നീട്ടിയ ഉത്തരവ് ധനമന്ത്രാലയം പുറത്തിറക്കി. 2022 ജനുവരിയിലാണ് ശ്രീ വി. അനന്ത നാഗേശ്വരൻ മുഖ്യ സാമ്പത്തിക ഉപദേഷ്ടാവായി ചുമതലയേറ്റത്.

****************************************

## PM-INTERNSHIP SCHEME

പ്രധാനമന്ത്രി ഇന്റേൺഷിപ്പ് പദ്ധതിയുടെ രണ്ടാം ഘട്ടത്തിന് തുടക്കമായി. രാജ്യത്തുടനീളമുള്ള മികച്ച കമ്പനികളിൽ ഒരു ലക്ഷത്തിലധികം ഇന്റേൺഷിപ്പ് അവസരങ്ങളാണ് രണ്ടാം ഘട്ടം വാഗ്ദാനം ചെയ്യുന്നത്. ഊർജ്ജം, ബാങ്കിംഗ്, സാമ്പത്തിക സേവനങ്ങൾ , ട്രാവൽ ആൻഡ് ഹോസ്പിറ്റാലിറ്റി, തുടങ്ങി നിരവധി മേഖലകളിലെ 300-ലധികം കമ്പനികളിൽ അവസരങ്ങളുണ്ടെന്ന് കോർപ്പറേറ്റ് കാര്യ മന്ത്രാലയം അറിയിച്ചു. രണ്ടാം ഘട്ടത്തിൽ, ഓരോ അപേക്ഷകനും മൂന്ന് ഇന്റേൺഷിപ്പ് അപേക്ഷകൾ വരെ നൽകാം. ആദ്യ ഘട്ടത്തിൽ ആറ് ലക്ഷത്തിലധികം അപേക്ഷകൾ ലഭിച്ചിരുന്നു.

****************************************

## CENTRE-NCD CAMPAIGN

രാജ്യത്തുടനീളം സാംക്രമികേതര രോഗങ്ങൾക്കെതിരെ സ്ക്രീനിങ് തുടക്കമിട്ട് കേന്ദ്ര ആരോഗ്യമന്ത്രാലയം. അടുത്ത മാസം 31 വരെ 30

വയസിന് മുകളിലുള്ളവർക്ക്

പരിശോധന നടത്താം. രക്തസമ്മർദ്ദം, പ്രമേഹം, ക്യാൻസർ ഉൾപ്പെടെയുള്ളവ പരിശോധിക്കാൻ അവസരമുണ്ട്.

****************************************

## PIYUSH GOYAL ECONOMY(INTRO)

ഇന്ത്യയെ ഒരു വികസിത രാജ്യമാക്കി മാറ്റുക എന്ന ലക്ഷ്യം കൈവരിക്കണമെങ്കിൽ സാമ്പത്തിക വളർച്ചയ്ക്ക് സ്ത്രീകളുടെ സംഭാവനകൾ നിർണായകമാണെന്ന് കേന്ദ്ര മന്ത്രി പിയുഷ് ഗോയൽ. പുണെയിൽ ഏഷ്യ ഇക്കണോമിക് ഡയലോഗ് ആറാം പതിപ്പിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. (ഹോൾഡ് വോയിസ്...)

****************************************

## CHAMPIONS TROPHY

ഐ സി സി ചാമ്പ്യൻസ് ട്രോഫി ക്രിക്കറ്റിൽ ബംഗ്ലാദേശിനെതിരെ ഇന്ത്യയ്ക്ക് 229 റൺസ് വിജയലക്ഷ്യം. ആദ്യം ബാറ്റ് ചെയ്ത ബംഗ്ലാദേശ് 49.4 ഓവറിൽ 228 റൺസിന് പുറത്താവുകയായിരുന്നു. ദുബായ് സ്റ്റേഡിയത്തിൽ മറുപടി ബാറ്റിങ്ങിനിറങ്ങിയ ഇന്ത്യ ഒടുവിൽ വിവരം ലഭിക്കുമ്പോൾ 11 ഓവറിൽ ഒരു വിക്കറ്റ് നഷ്ടത്തിൽ 70 റൺസെടുത്തിട്ടുണ്ട്.

****************************************

## RENJI TROPHY

രഞ്ജി ട്രോഫി ക്രിക്കറ്റ് സെമി ഫൈനലിൽ ഇന്ന് കളി അവസാനിക്കുമ്പോൾ കേരളത്തിനെതിരെ ഗുജറാത്ത് ഒന്നാം ഇന്നിംഗ്സിൽ 7 വിക്കറ്റ് നഷ്ടത്തിൽ 429 റൺസ് എന്ന നിലയിൽ.

ഒന്നാം ഇന്നിംഗ്സിൽ കേരളം 457 റൺസെടുത്തിരുന്നു. രണ്ടാം സെമിയിൽ നിലവിലെ ചാമ്പ്യൻമാരായ മുംബൈയും വിദർഭയും തമ്മിലാണ് പോരാട്ടം.

****************************************

## MAHAKUMBH - CLEANLINESS

മഹാ കുംഭമേള അവസാനഘട്ടത്തിലേക്ക് കടന്നതോടെ പ്രയാഗ്‌രാജിൽ തീർത്ഥാടകരുടെ തിരക്ക് തുടരുന്നു. കുംഭമേളയെ ശുചിത്വത്തിലും പരിസ്ഥിതി സംരക്ഷണത്തിലും ശ്രദ്ധ കേന്ദ്രീകരിക്കുന്ന ഒത്തുകൂടലായി മാറ്റാനുള്ള ശ്രമങ്ങളാണ് ഉത്തർപ്രദേശ് സർക്കാർ നടത്തിയത്. നമാമി ഗംഗെ ദൗത്യത്തിന്റെ ഭാഗമായി 10 മലിനജല സംസ്കരണ പ്ലാന്റുകൾ പരിസരത്ത് സജ്ജമാക്കിയിട്ടുണ്ട്.

****************************************

## JAISHANKAR-SOUTH AFRICA

ജി-20 വിദേശകാര്യ മന്ത്രിമാരുടെ യോഗത്തിന് ദക്ഷിണാഫ്രിക്കയിൽ തുടക്കമായി. യോഗത്തിൽ പങ്കെടുക്കുന്നതിനായി ഇന്ന് ജോഹന്നാസ്ബർഗിൽ എത്തിയ വിദേശകാര്യ മന്ത്രി എസ് ജയശങ്കർ ബ്രസീൽ വിദേശകാര്യ മന്ത്രി മൗറോ വിയേരയുമായും സിംഗപ്പൂർ വിദേശകാര്യ മന്ത്രി വിവിയൻ ബാലകൃഷ്ണനുമായും കൂടിക്കാഴ്ച നടത്തി. ആഗോള വിഷയങ്ങളും ഉഭയകക്ഷി സഹകരണവും ചർച്ചയായതായി ശ്രീ ജയശങ്കർ സമൂഹമാധ്യമത്തിൽ കുറിച്ചു.

****************************************

## ISRAEL GAZA CEASEFIRE

ഹമാസ് ബന്ദികളാക്കിയ നാല് ഇസ്രായേലി പൗരന്മാരുടെ മൃതദേഹങ്ങൾ ഇന്ന് കൈമാറി. മൃതദേഹങ്ങൾ ഔദ്യോഗികമായി തിരിച്ചറിയേണ്ടതുണ്ടെന്ന് ഇസ്രായേൽ അധികൃതർ പറഞ്ഞു.

കഴിഞ്ഞ മാസം 19 ന് ഇസ്രയേലും ഹമാസും തമ്മിലുള്ള വെടിനിർത്തൽ കരാർ ആരംഭിച്ചതിന് ശേഷം 28 ബന്ദികളെ വിട്ടയച്ചു. ഇസ്രയേൽ സൈനിക ആക്രമണത്തിൽ 48,000 ലേറെ പലസ്തീനികൾ കൊല്ലപ്പെട്ടതായി ഗസ ആരോഗ്യ മന്ത്രാലയത്തിന്റെ കണക്കുകൾ പറയുന്നു.

*******************************************************

********************************************************************************